## സർക്കാർ പെട്രോൾ വാഹനങ്ങളുടെ ലേലം

56 [262] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ചുവർഷം പഴക്കമുള്ള സർക്കാർ ഡിപ്പാർട്ടുമെൻറുകളിലെ പെട്രോൾ വാഹനങ്ങൾ ലേലം ചെയ്തുകൊടുക്കുമെന്ന സർക്കാർ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം എത്ര വാഹനങ്ങൾ ലേലം ചെയ്തു;

(ബി) ഇത്, ലേലം ചെയ്തുകൊടുത്ത ഇനത്തിൽ സർക്കാരിലേക്ക് എന്ത് തുക ലഭിച്ചു;

(സി) ഏതെങ്കിലും ഡിപ്പാർട്ടുമെൻറ് പെട്രോൾ വാഹനത്തിന് പകരം ഡീസൽ വാഹനങ്ങൾ വാങ്ങിയിട്ടുണ്ടോ; എങ്കിൽ വിശദ വിവരം വെളിപ്പെടുത്താമോ?

### ഉത്തരം

(എ) 5 വർഷം എന്നുള്ളത് 7 വർഷം ആക്കിയതുകൊണ്ടും സമയ പരിധി കഴിഞ്ഞിട്ടില്ലാത്തതിനാലും കൃത്യമായ കണക്ക് ലഭ്യമല്ല.

(ബി) കൃത്യമായ കണക്ക് ലഭ്യമല്ല.

(സി) വിവരം ശേഖരിച്ചുവരുന്നു.

## സ്റേറാഴ്സ് പർച്ചേസ് വകുപ്പിലെ റേററ് കോൺട്രാക്ററ്

57 [263] ശ്രീ. ജോണി നെല്ലൂർ:
,, പി. എം. മാത്യു:
,, തോമസ് ചാഴിക്കാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആവശ്യത്തിലേക്കുള്ള ഏതെല്ലാം സാധനങ്ങൾക്കാണ് ഇപ്പോൾ സ്റേറാർ പർച്ചേസ് വകുപ്പിൽ റേററ് കോൺട്രാക്ററ് നിലവിലുള്ളത്;

(ബി) ഏതെങ്കിലും വകുപ്പുകൾ ഈ റേററ് കോൺട്രാക്ററ് അനുസരിച്ചല്ലാതെ അവർക്കാവശ്യമുള്ള സാധനങ്ങൾ വാങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്റേറാഴ്സ് പർച്ചേസ് ചട്ടങ്ങൾ ലംഘിച്ച് വാങ്ങലുകൾ നടത്തിയ ആരുടെ എങ്കിലും പേരിൽ നടപടി എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) സ്റേറാഴ്സ് പർച്ചേസ് വകുപ്പിൽ എം. ററി. ബാറററികൾ, തയ്യൽമെഷീൻ, സ്ററീൽ ഫർണീച്ചർ, ടയർ റീട്രേഡിംഗ് എന്നീ ഇനങ്ങൾക്കാണ് റേററ് കോൺട്രാക്ററ് നിലവിലുള്ളത്. മററുള്ള ഇനങ്ങൾക്ക് അതാത് വകുപ്പുകൾ സ്വന്തമായി റേററ് കോൺട്രാക്ററിൽ ഏർപ്പെടുകയാണ് ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരുടെ പേരിലും നടപടി എടുത്തില്ല.

കേന്ദ്ര ഗവൺമെന്റിൽ നിന്നും റീഇംബേഴ്സ് ചെയ്ത് കിട്ടാനുള്ള തുക.

58 [264] ശ്രീ. ജോണി നെല്ലൂർ:
,, തോമസ് ചാഴിക്കാടൻ:
,, പി. എം. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റ് ചെലവഴിച്ച ഏതെങ്കിലും ഇനത്തിലുള്ള തുക കേന്ദ്രഗവൺമെന്റിൽനിന്നും ലഭിക്കാൻ ബാക്കിയുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ തുക കേന്ദ്രഗവൺമെന്റിൽ നിന്നും വാങ്ങാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സത്വര നടപടികൾ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ ട്രഷറികൾ അടച്ചുപൂട്ടിയ സംഭവം

59 [265] ശ്രീ. യൂനുസ് കുഞ്ഞ്:
,, പി. എം. അബൂബേക്കർ:
,, യു. എ. ബീരാൻ:
,, നാലകത്ത് സൂപ്പി:
,, എം. വി. അബ്ദുൾ റഹിമാൻ ഹാജി:
,, തോമസ് ചാഴിക്കാടൻ:
,, പിണറായി വിജയൻ:
,, കെ. കൃഷ്ണൻകുട്ടി:
ഡോക്ടർ. കെ. സി. ജോസഫ്:
ശ്രീ. നാണു മാസ്ററർ:
,, തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1987 മാർച്ച് മാസം മുതൽ 1991 മാർച്ച് മാസം വരെ സംസ്ഥാനത്തെ ട്രഷറികൾ അടച്ചുപൂട്ടിയ സംഭവം ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര പ്രാവശ്യം, എത്ര ദിവസങ്ങൾ, എന്തെല്ലാം കാരണങ്ങൾ നിമിത്തം എന്നിവയെ സംബന്ധിച്ച വിശദവിവരം നൽകുമോ;

(സി) ഈ സർക്കാർ അധികാരമേൽക്കുന്ന സമയത്തെ സാമ്പത്തിക നില വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly